(ബി) എല്ലാ ജില്ലകളിലെയും പ്രധാന കേന്ദ്രങ്ങളിലെ തടവുകാരുണ്ടാക്കുന്ന ചപ്പാത്തിയും ചിക്കൻ കറിയും മിതമായ നിരക്കിൽ വിതരണം ചെയ്ത് അന്യായമായി ഭക്ഷണ സാധനങ്ങൾക്ക് വില ഈടാക്കുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ പ്രവണത അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ചപ്പാത്തിയും ചിക്കൻകറിയും വിൽക്കുന്നതിലൂടെ ജയിലിനും സർക്കാരിനും കൂടുതൽ സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ജയിൽ തടവുകാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അവരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും ഈ ലാഭത്തിന്റെ ഒരു വിഹിതം വിനിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നാളിതുവരെ 10,48,07,210 രൂപ (പത്തു കോടി നാല്പത്തെട്ട് ലക്ഷത്തി ഏഴായിരത്തി ഇരുന്നൂറ്റി പത്ത് രൂപ മാത്രം) ലാഭം ഉണ്ടായി. വില്പന വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ജയിലുകളിൽ ചപ്പാത്തി യൂണിറ്റിൽ ജോലി നോക്കുന്ന തടവുകാർക്ക് മറ്റു യൂണിറ്റുകളിൽ ജോലി നോക്കുന്ന സഹതടവുകാർക്ക് അനുവദിച്ചിട്ടുള്ള വേതനത്തെക്കാൾ ഉയർന്ന നിരക്കിലുള്ള പ്രതിദിന വേതനമായ 117 രൂപ (നൂറ്റി പതിനേഴ് രൂപ മാത്രം) അനുവദിച്ചു വരുന്നു. 'തടവുകാരുടെ ക്ഷേമം' 'ജയിലുകളുടെ നവീകരണം' എന്നീ പദ്ധതികളിലുൾപ്പെടുത്തി ജയിലിൽ തടവുകാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ജയിൽ വരുമാനത്തിൽ വർദ്ധനവ്

278 (2153) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഭക്ഷണ സാധനങ്ങൾ ഉൾപ്പെടെയുള്ള ജയിൽ ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ജയിൽ വരുമാനത്തിൽ നാളിതുവരെ ഉണ്ടായ പുരോഗതി വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വരുമാന വർദ്ധനവിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) വരുമാന വർദ്ധനവിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ജയിലുകളിൽ ഒരുക്കിയിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭക്ഷണ സാധനങ്ങൾ വില്പന നടത്തുന്നതിനായി പ്രധാനപ്പെട്ട ജയിലുകളോടനുബന്ധിച്ച് ഔട്ട്‌ലെറ്റുകൾ, മൊബൈൽ യൂണിറ്റുകൾ എന്നിവയും ജയിൽ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിനായി ജയിലാസ്ഥാന കാര്യാലയത്തിൽ ഒരു സെയിൽസ് കൗണ്ടറും പ്രവർത്തിച്ചു വരുന്നു.

(ബി)

വർഷം	ജയിൽ വകുപ്പിന്റെ ആകെ വിറ്റുവരവ്
2011-12	3,41,25,669
2012-13	13,27,37,898
2013-14	24,44,36,972
2014-15 (നാളിതുവരെ)	11,48,29,623
ആകെ	52,61,30,162

(സി) സംസ്ഥാനത്തെ പ്രധാന ജയിലുകളിൽ ചപ്പാത്തി, ഇഡ്ഡലി, ദം ബിരിയാണി, ലഡു, കേക്ക്, ചിപ്സ് എന്നിവ നിർമ്മിച്ച് വിപണനം നടത്തി വരുന്നു. സംസ്ഥാനത്തെ മൂന്ന് സെൻട്രൽ ജയിലുകളിൽ പന്നി വളർത്തൽ കേന്ദ്രവും, നെട്ടുകാൽത്തേരി ഉറന്ന ജയിലിൽ പൗൾട്രി ഫാം, ആട് വളർത്തൽ കേന്ദ്രം എന്നിവയും ആരംഭിച്ചിട്ടുണ്ട്.

(ഡി). ഭക്ഷ്യോല്പാദന യൂണിറ്റുകൾ ആരംഭിക്കുകയും, പന്നി വളർത്തൽ കേന്ദ്രം, ആട്ടുവളർത്തൽ കേന്ദ്രം, ഡയറി ഫാം, പൗൾട്രി ഫാം എന്നിവ വിപുലീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഭക്ഷ്യോല്പന്നങ്ങളുടെ വിപണനത്തിനായി മൊബൈൽ വില്പന കേന്ദ്രങ്ങൾ കൂടുതലായി ആരംഭിക്കുകയും ജയിലുകളിൽ വില്പന ഔട്ട്‌ലെറ്റുകൾ ഉറക്കുകയും ചെയ്തു. ചീമേനി ഉറന്ന ജയിലിലെ വെട്ടുകല്ല് നിർമ്മാണ യൂണിറ്റ്, വിയ്യൂർ സെൻട്രൽ ജയിലിലെ കാർപ്പെന്ററി യൂണിറ്റ്, തിരുവനന്തപുരം സെൻട്രൽ ജയിലിലെ സോപ്പ് നിർമ്മാണ യൂണിറ്റ് എന്നിവ വിപുലീകരിക്കുന്നതിനും, വിയ്യൂർ സെൻട്രൽ ജയിലിൽ വെട്ടുകല്ല് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനും നെട്ടുകാൽത്തേരി ഉറന്ന ജയിലിൽ ഇന്റർലോക്ക് മണ്ണിഷ്ടിക, സിമെന്റ് ബ്ലോക്ക് എന്നിവ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.